# വിശുദ്ധ മിഖായേൽ മാലാഖയോടു ജപം

മുഖ്യദൂതനായിരിക്കുന്ന വിശുദ്ധ മിഖായേലേ, സ്വർഗീയ സൈന്യങ്ങളുടെ പ്രതാപവാനായ പ്രഭോ, ഉന്നത ശക്തികളോടും അധികാരങ്ങളോടും ഇരുളടഞ്ഞ ഈ ലോകത്തിലെ ഭരണകർത്താക്കളോടും ഉപരിതലങ്ങളിലെ ദുരാത്മക്കളോടുമുള്ള യുദ്ധത്തിൽ ഞങ്ങ ളെ സഹായിക്കേണമെ. ദൈവം സ്വന്തം ഛായയിൽ സൃഷ്ടിക്കുകയും വലിയ വിലകൊടുത്ത് വീണ്ടെടുക്കുകയും ചെയ്ത മനുഷ്യരെ പിശാചിന്റെ ക്രൂരഭരണത്തിൽ നിന്നു രക്ഷിക്കുവാൻ വരേണമെ. അങ്ങയെ ആണല്ലോ തിരുസഭ തന്റെ പരിപാലകനും സംരക്ഷകനുമായി വണങ്ങുന്നത്. കർത്താവ് രക്ഷിച്ച ആത്മാക്കളെ സ്വർഗത്തിലേക്കു കൂട്ടികൊണ്ടുപോകാൻ നിയുക്തനായിരിക്കുന്നതും അങ്ങ് തന്നെയാണല്ലോ. ആകയാൽ ഞങ്ങളു ടെ പാദങ്ങളുടെ കീഴിൽ പിശാചിനെ അടിപ്പെടുത്തുവാൻ സമാധാനദാതാവായ അങ്ങ് പ്രാർഥിക്കേണമെ. പിശാച് ഒരിക്കലും മനുഷ്യരെ കീഴ്പ്പെടുത്തുകയോ തിരുസഭയെയോ ഞങ്ങളുടെ കുടുംബങ്ങളെയോ ഉപദ്രവിക്കുകയോ ചെയ്യാതിരിക്കട്ടെ. ആമേൻ.